I ഇ.ബി. XIII-കേരള നിയമസഭ/XIV-11

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 14, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയം

### മൂന്നാംക്ലാസ് വിദ്യാർത്ഥിയുടെ ദാരുണമരണം

മി. സ്പീക്കർ: സഹോദരിക്കും കൂട്ടുകാർക്കുമൊപ്പം സ്കൂളിലേയ്ക്ക് നടന്നുപോകുകയായിരുന്ന കാസർഗോഡ് കല്ല്യോട്ട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥി ഫഹദിനെ ചാന്തൻമുള്ള് എന്ന സ്ഥലത്തുവച്ച് വെട്ടിക്കൊലപ്പെടുത്തിയതുമൂലം പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്കുണ്ടായ ആശങ്ക സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. പി. ജയരാജൻ, വി. എസ്. സുനിൽകുമാർ,

ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അത്യന്തം വേദനാജനകമായ സംഭവമാണ് കാസർഗോഡുണ്ടായത്. പ്രസ്തുത കേസ്സിൽ പ്രദേശവാസിയും തെങ്ങുകയറ്റത്തൊഴിലാളിയുമായ വിജയകുമാറിനെ പ്രതിയാക്കി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരണപ്പെട്ട മൂന്നാം ക്ലാസ് വിദ്യാർത്ഥി ഫഹദിന്റെ പിതാവ് അബ്ബാസിനോടുള്ള വിരോധമാണ് കൊലപാതകത്തിന് കാരണമെന്ന് അറിയുന്നു. കേസന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. പ്രസ്തുത കേസ്സിൽ ഒരു തരത്തിലുള്ള സാമുദായിക-രാഷ്ട്രീയ ഇടപെടലും ഉണ്ടായിട്ടില്ല. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടക്കുന്ന കേസ്സിന്റെ മേൽനോട്ടത്തിനായി കണ്ണൂർ ഡി.ഐ.ജി.യെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: കാസർഗോഡ് കല്ല്യോട്ട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിയും എൻഡോസൾഫാൻ ബാധിതനുമായ ഫഹദിനെ സഹോദരിയുടെയും കൂട്ടുകാരുടെയും മുന്നിൽ വച്ച് വെട്ടിക്കൊന്ന സംഭവത്തിൽ ആർ.എസ്.എസ്. പ്രവർത്തകനായ പ്രതിയെ മനോരോഗിയാക്കി ചിത്രീകരിച്ച് സംരക്ഷിക്കാനാണ് പോലീസ് ശ്രമിക്കുന്നത്.

കൊല്ലപ്പെട്ട കുട്ടിയുടെ പിതാവ് സി.പി.ഐ (എം) പ്രവർത്തകനായതാണ് നിഷ്ഠൂരമായ ഈ കൊലയ്ക്ക് പ്രേരണയായത്. നാട്ടുകാർ പിടികൂടിയില്ലായിരുന്നുവെങ്കിൽ പ്രതിയെ അറസ്റ്റ് ചെയ്യുമായിരുന്നോ എന്ന കാര്യത്തിൽ സംശയമുണ്ട്. ആർ.എസ്.എസ്.-കാർ ക്ഷേത്രങ്ങളെ അവരുടെ ആയുധപ്പുരകളാക്കി മാറ്റിയിരിക്കുകയാണ്. ആർ.എസ്.എസ്.നെ പ്രീണിപ്പിക്കുകയും ക്രിമിനലുകളെ സംരക്ഷിക്കുകയും നിരപരാധികളെ ശിക്ഷിക്കുകയും ചെയ്യുന്ന നിലപാടാണ് പോലീസും സർക്കാരും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ക്രമസമാധാനം നിലനിർത്താനും വർഗ്ഗീയ-ഭീകരവാദത്തെ തകർക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: കൊല്ലപ്പെട്ട കുട്ടിയുടെ കുടുംബത്തിന് പതിനഞ്ച് ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കണം. ഈ കേസ് ഒതുക്കിത്തീർക്കുന്നതിനും പ്രതിയെ രക്ഷിക്കുന്നതിനും വേണ്ടിയാണ് പ്രതി മനോരോഗിയാണെന്ന് എഫ്.ഐ.ആർ. ൽ പറഞ്ഞിട്ടുള്ളത്. കൊലയാളിക്ക് കടുത്ത ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കണം.

<u>മി. സ്പീക്കർ</u>: ഈ വിഷയം ശ്രീ. എൻ.എ. നെല്ലിക്കുന്ന് രണ്ട് ദിവസത്തിനു മുമ്പ് സബ്മിഷനായി അവതരിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും

സഭ നേരത്തെ പിരിഞ്ഞതിനാൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ഇന്നത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിയന്തര പ്രമേയ നോട്ടീസിൽ ആദ്യം പേര് തന്നിട്ടുള്ള ആളിനെയാണ് അവതരിപ്പിക്കാൻ വിളിക്കുന്നത്. അത് മറ്റൊരു നിയോജകമണ്ഡലത്തെ ബാധിക്കുന്ന പ്രശ്നമാണെങ്കിൽ സ്ഥലം എം.എൽ.എ.-യെ കൂടി സംസാരിക്കാൻ അനുവദിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കീഴ്‌വഴക്കം അങ്ങ് പറഞ്ഞത് തന്നെയാണ് ശരി. സബ്മിഷൻ നേരത്തെ എഴുതിത്തരികയും ലിസ്റ്റ് ചെയ്ത് വരികയും ചെയ്തിട്ടുണ്ടെങ്കിലും ശ്രീ. എൻ.എ. നെല്ലിക്കുന്നിനെ സംസാരിക്കാൻ അനുവദിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് പ്രത്യേക കേസ്സായി അനുവദിക്കുന്നു.

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: ഈ സംഭവം സംസ്ഥാനത്തെ ഞെട്ടിപ്പിക്കുന്നതാണ്. ഈ കേസ്സ് കോടതിയിൽ എത്തുമ്പോൾ ഒരു മാനസിക രോഗിയെന്ന പരിഗണന പ്രതിക്ക് കിട്ടാൻ പാടില്ല. ഈ കുടുംബത്തിന് മതിയായ സാമ്പത്തിക സഹായം നൽകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കാസർഗോഡ് ജില്ലയിൽ നടന്ന അത്യന്തം വേദനാജനകമായ ഈ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ നിയമ നടപടികളുമായി മുന്നോട്ടുപോകണമെന്നും

കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി സംഭവസ്ഥലത്തും പരിസരത്തും പോലീസിന്റെ സാന്നിദ്ധ്യമുണ്ടാകണമെന്നും കാസർകോട് എസ്.പി.ക്കും കണ്ണൂർ ഐ.ജി.ക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ഇത്തരം സംഭവങ്ങളെ എല്ലാ രാഷ്ട്രീയപാർട്ടികളും സമചിത്തതയോടെ കാണുന്നതിനും നേരിടുന്നതിനും തയ്യാറാകണം. നിഷ്കളങ്കനായ ഒരു കുട്ടിയെ കൊലപ്പെടുത്തിയതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് പോലീസ് കേസ്സെടുക്കുകയും പ്രതിയെ കോടതിയിൽ റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഐ.പി.സി.യിലെ ബന്ധപ്പെട്ട വകുപ്പനുസരിച്ച് പ്രതിക്കെതിരെ നടപടിയെടുക്കുന്നതാണ്. ഈ കേസ്സിന്റെ എഫ്.ഐ.ആർ.-ൽ പ്രതി മാനസിക രോഗിയാണെന്ന് രേഖപ്പെടുത്തിയിട്ടില്ലെന്നു മാത്രമല്ല, മാനസിക രോഗിയാണെന്ന പരിഗണനയിൽ ഒരു ആനുകൂല്യവും പ്രതിക്ക് ലഭിക്കില്ലെന്നും ഉറപ്പുനൽകുന്നു. പോലീസ് സേനയിൽ ആർ.എസ്.എസ്.-ന്റെ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന പരാമർശം അടിസ്ഥാനരഹിതമാണ്. പോലീസിൽ ഒരു തരത്തിലുള്ള രാഷ്ട്രീയ പ്രവർത്തനവും അനുവദിക്കില്ല. കൊല്ലപ്പെട്ട കുട്ടിയുടെ കുടുംബത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുക്കുന്നതാണ്. നിഷ്ഠൂരമായ ഈ കൊലപാതകത്തെ വളരെ ഗൗരവത്തോടെയാണ് ഗവണ്മെന്റ് കാണുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്യുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) **കാലഹരണപ്പെട്ട നിയമങ്ങൾ**

ശ്രീ. എം. ഉമ്മർ: സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമങ്ങളിൽ കാലഹരണപ്പെട്ടവ റദ്ദാക്കാനും ആവശ്യമായവയ്ക്ക് കാലാനുസൃതമായ പരിഷ്ക്കരണവും ക്രോഡീകരണവും ലഘൂകരണവും നടത്താനും നടപടി സ്വീകരിക്കണം. ഐക്യകേരള രൂപീകരണത്തിനുശേഷം വർഷങ്ങൾ പിന്നിട്ടിട്ടും മലബാർ, തിരുവിതാംകൂർ, തിരു-കൊച്ചി മേഖലകളിൽ നിലനിൽക്കുന്ന വ്യത്യസ്തങ്ങളായ നിയമങ്ങൾ ഏകീകരിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്. നിയമ പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ടിൽ കാലഹരണപ്പെട്ടതും പ്രസക്തി നഷ്ടപ്പെട്ടതുമായ 42 പ്രധാന നിയമങ്ങളും 65 ഭേദഗതികളും റദ്ദ് ചെയ്യുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. നിയമനിർമ്മാണത്തിലുണ്ടാകുന്ന പോരായ്മമൂലം നിയമ ഭേദഗതികളുടെ എണ്ണം

അനുദിനം വർദ്ധിച്ചുവരികയാണ്. ഭരണ വകുപ്പിൽ ലീഗൽ സർവ്വീസ് സെൽ രൂപീകരിച്ച് ബിൽ നിയമമാകുന്നതിന് മുമ്പ് സമഗ്രമായ പഠനത്തിനും സൂക്ഷ്മമായ നിരീക്ഷണത്തിനും വിധേയമാക്കണം. നിയമനിർമ്മാണത്തിലെ പോരായ്മ കൊണ്ടാണ് ഭേദഗതികളുടെ എണ്ണം വർദ്ധിക്കുന്നത്. നിയമനിർമ്മാണം നടത്തിക്കഴിഞ്ഞാൽ യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള നടപടിയുണ്ടാകണം. ബില്ലിലെ ഭാഷ സാധാരണക്കാരന് മനസ്സിലാക്കാൻ കഴിയണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കേരള സംസ്ഥാന രൂപീകരണ സമയത്ത് തിരു-കൊച്ചി, മലബാർ മേഖലകളിൽ വ്യത്യസ്ത നിയമങ്ങൾ നിലനിന്നിരുന്നു. പിന്നീട് മാറിമാറി വന്ന സർക്കാരുകൾ പല വിഷയങ്ങളെ സംബന്ധിച്ചുള്ള നിയമങ്ങൾ ക്രോഡീകരിക്കുകയും ചില വിഷയങ്ങളിൽ പുതിയ നിയമങ്ങൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. 1966-ൽ പ്രസിഡന്റ് ഭരണകാലത്ത് നിയമിച്ച ലാ കമ്മീഷൻ കാര്യമായ ശിപാർശയൊന്നും ചെയ്തിട്ടില്ല. 2011-ലെ നിയമപരിഷ്കരണ കമ്മിറ്റി പത്ത് വിഷയങ്ങളിൽ ഏകദേശം മുപ്പതോളം നിയമങ്ങൾ ക്രോഡീകരിക്കുന്നതിനും കാലഹരണപ്പെട്ട 697 നിയമങ്ങൾ റദ്ദാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. ഇനിയും ആറ് വിഷയങ്ങളിൽ 14 നിയമങ്ങൾ ക്രോഡീകരിക്കേണ്ടതായിട്ടുണ്ട്. 2007-ലെ ജസ്റ്റീസ് വി. ആർ.

കൃഷ്ണയ്യരുടെ നിയമപരിഷ്കരണ കമ്മിഷൻ ശിപാർശ ചെയ്ത 102 നിയമങ്ങൾ റദ്ദ് ചെയ്യുന്നതിനായി നിയമ വകുപ്പ് കേരള റിപ്പീലിംഗ് ആന്റ് സേവിംഗ്സ് ബിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കേരള നിയമസഭയുടെ നടപടി ചട്ടം 69 അനുസരിച്ച് മൂലനിയമം ഇംഗ്ലീഷിലുള്ളവയുടെ ഭേദഗതി ബില്ലുകൾ ഒഴികെ എല്ലാ ബില്ലുകളും മലയാളത്തിൽ അവതരിപ്പിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഭരണഘടനപ്രകാരം മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ബില്ലുകളുടെ ഇംഗ്ലീഷ് പരിഭാഷ ഗവർണ്ണറുടെ അനുമതിയോടെ പ്രസിദ്ധീകരിക്കേണ്ടതും അത് ആധികാരിക പാഠമായി കരുതേണ്ടതുമാണ്. നിയമപരിഷ്കരണ കമ്മിഷൻ ശിപാർശ ചെയ്ത ബില്ലുകൾ മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് അതാത് ഭരണ വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. നിയമസഭ പാസ്സാക്കുന്ന നിയമങ്ങളും ചട്ടങ്ങളും വിജ്ഞാപനങ്ങളും സർക്കുലറുകളും ഓർഡിനൻസുകളും നിയമസഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും നിയമോപദേശം നൽകുന്നതിനും നിയമനിർമ്മാണത്തിന് സഹായിക്കുന്നതിനും നിയമവകുപ്പ് പ്രവർത്തിക്കുന്നതിനാൽ പ്രത്യേക നിയമ സെല്ലിന്റെ ആവശ്യമില്ല.

## (2) <u>ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച</u>

<u>ഡോ. കെ. ടി. ജലീൽ</u>: ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് കമ്മീഷൻ ചെയ്തതിനു ശേഷം ഏതെങ്കിലും തരത്തിലുള്ള ന്യൂനതകളുണ്ടോയെന്ന് പരിശോധിക്കുന്നതിനും

പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. ചോർച്ച ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബന്ധപ്പെട്ടവർ സ്ഥലം സന്ദർശിച്ച് ഷീറ്റ് പൈലിംഗ് നടത്തുന്നതിനായി തയ്യാറാക്കിയ 19.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയിൽ ഒരു രൂപ പോലും അനുവദിച്ചിട്ടില്ല. ഇലക്ട്രിസിറ്റി ബിൽ അടയ്ക്കാത്തതുകൊണ്ട് സ്ട്രീറ്റ് ലൈറ്റുകളുടെ കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്. ഷട്ടർ ഓപ്പറേഷന് താത്കാലികമായി നിയോഗിച്ചവർക്ക് ശമ്പളം കൊടുത്തിട്ടില്ല. ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ചമ്രവട്ടം റെഗുലേറ്റർ കം-ബ്രിഡ്ജിൽ അനിയന്ത്രിതമായ മണലെടുപ്പാണ് ചോർച്ചയ്ക്ക് കാരണമെന്ന് കണ്ടെത്തുകയുണ്ടായി. വിശദമായി പഠിക്കുന്നതിന് ചുമതലപ്പെടുത്തിയ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ വിഭാഗത്തിലെ വിദഗ്ദ്ധ സംഘം സ്ഥലം സന്ദർശിച്ച് സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടിൽ അനിയന്ത്രിതമായ മണൽവാരൽമൂലം പുഴയുടെ അടിത്തട്ട് താഴ്ന്നതാണ് ചോർച്ചയ്ക്ക് കാരണം എന്ന് വിലയിരുത്തി. നിലവിലെ ഡിസൈൻ ഉപരിതല ഒഴുക്കിനെയും ഭൂഗർഭ ഒഴുക്കിനെയും വേണ്ടവിധം തടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ

വിദഗ്ധരോട് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാത്തതിനാൽ വിദഗ്ദ്ധാഭിപ്രായം ആരായുന്നതിനായി ചുമതലപ്പെടുത്തിയ ഡൽഹി ഐ.ഐ.റ്റി ഇന്ന് സ്ഥലം പരിശോധന നടത്തുകയാണ്. വിദഗ്ധാഭിപ്രായം ലഭ്യമാകുന്നമുറയ്ക്ക് ചമ്രവട്ടം റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ ചോർച്ച പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) വന്യമൃഗവേട്ട

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സംസ്ഥാനത്തെ വിവിധ വനപ്രദേശങ്ങളിൽ വ്യാപകമായി കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ വേട്ടയാടുന്നത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നിയമനടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സംസ്ഥാനത്ത് കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുന്നതിനായി നിലവിലെ നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. സമീപകാലത്ത് മലയാറ്റൂർ ഡിവിഷനിലെ വനമേഖലയിൽ നിന്നും കാട്ടാനകളെ വേട്ടയാടി കൊമ്പ് നീക്കം ചെയ്ത കുറ്റത്തിന് 2015 മെയ്-ജൂൺ മാസങ്ങളിലായി ഇടമലയാർ പോലീസ് സ്റ്റേഷനിലും കരിമ്പാഴി

ഫോറസ്റ്റ് സ്റ്റേഷനിലും കേസുകൾ രജിസ്റ്റർ ചെയ്യുകയും 16 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആനക്കൊമ്പ് വേട്ട തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. അന്തർ സംസ്ഥാന അതിർത്തി വനമേഖലകളിൽ അയൽ സംസ്ഥാനത്തെ ഉദ്യോഗസ്ഥരുമായി സഹകരിച്ച് സംയുക്ത പട്രോളിംഗ് ശക്തമാക്കുന്നതാണ്. പ്രശ്നബാധിത പ്രദേശങ്ങളിൽ ഫോറസ്റ്റേഷൻ സമ്പ്രദായം നടപ്പാക്കുന്നതും ചെക്ക് പോസ്റ്റ്, ഔട്ട് പോസ്റ്റ് എന്നിവ ആവശ്യാനുസരണം മാറ്റി സ്ഥാപിക്കുന്നതും സ്ഥിരം കുറ്റവാളികളെയും അന്തർസംസ്ഥാന കുറ്റവാളികളെയും സംബന്ധിച്ചുള്ള ക്രിമിനൽ പ്രൊഫൈൽ ഡയറക്ടറി തയ്യാറാക്കുന്നതുമാണ്.

## (2) <u>കസ്തൂരി രംഗൻ റിപ്പോർട്ട്</u>

<u>ശ്രീ. പി. സി. ജോർജ്</u>: കസ്തൂരി രംഗൻ റിപ്പോർട്ടിൽ പരിസ്ഥിതി ലോല മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള 123 വില്ലേജുകളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ 123 വില്ലേജുകളിലായി 13,108 ച.കി.മീ. പരിസ്ഥിതി ലോല

മേഖലയായി കണക്കാക്കിയിരുന്നുവെങ്കിലും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ 9,107 ച.കി.മീ. വനപ്രദേശവും 886.7 ച.കി.മീ. വനേതര പ്രദേശവുമാണ് . സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടലിലൂടെ കോട്ടയം ജില്ലയിലെ ഫോറസ്റ്റ് ഏരിയ ഇല്ലാത്ത 4 വില്ലേജുകളെ കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കി. അവശേഷിക്കുന്ന വില്ലേജുകളുടെ സർവ്വേ നമ്പർ സഹിതമുള്ള രേഖകൾ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടെങ്കിലും റീ-സർവ്വേ പൂർത്തിയാക്കാത്തതിനാൽ അവ നൽകിയിട്ടില്ല. വനത്തിന്റെ സർവ്വേ നമ്പരിൽ ഉൾപ്പെടുന്ന കൃഷി ഭൂമിയെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തും. ഫോറസ്റ്റ് ലാന്റ് മാത്രമായി ഒതുക്കിനിർത്താൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൃഷി ഭൂമിയും കർഷകന്റെ കൈവശ ഭൂമിയും ഒഴിവാക്കിയുള്ള നോട്ടിഫിക്കേഷനാണ് കൊടുത്തിട്ടുള്ളത്. 119 വില്ലേജുകളിലേയും ഏരിയ തയ്യാറാക്കി വച്ചിരിക്കുകയാണ്. നാളത്തെ ക്യാബിനറ്റ് ഇക്കാര്യം ഒന്നുകൂടി പരിഗണിച്ചതിനുശേഷം വിശദവിവരം ഉടൻ കേന്ദ്രത്തിന് സമർപ്പിക്കും. കേരളത്തിൽ മാത്രമാണ് ഫൈനൽ നോട്ടിഫിക്കേഷൻ വരാൻ പോകുന്നത്. ജനങ്ങളുടെ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടും. വില്ലേജ് അടിസ്ഥാനത്തിൽ ഏരിയ തിട്ടപ്പെടുത്തിയിട്ടുണ്ട്. സർവ്വേ നമ്പരിനുപകരം ഏരിയ തിരിച്ചുള്ള വ്യക്തമായ കണക്ക് സമർപ്പിക്കുന്നതിനുള്ള എല്ലാ നടപടിയും പൂർത്തിയാക്കിയിട്ടുണ്ട്.

## (3) കായിക സർവ്വകലാശാല

ശ്രീ. എം. എ. വാഹീദ്: 35-ാമത് ദേശീയ ഗെയിംസോടുകൂടി കേരളം ഒരു സ്പോർട്സ് ഡെസ്റ്റിനേഷനായി മാറിയ സാഹചര്യത്തിൽ കാര്യവട്ടം എൽ.എൻ.സി.പി.ഇ. കേന്ദ്രമായി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കേരളത്തിൽ ഒരു കായിക സർവ്വകലാശാല ഉണ്ടാകണമെന്നുള്ളത് ഏറെക്കാലത്തെ ആവശ്യമാണ്. കായിക സർവ്വകലാശാല എന്നുള്ളത് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് കേരളത്തിന് വേണമെന്നുള്ള ആവശ്യത്തോട് ഗവൺമെന്റ് പൂർണ്ണമായി യോജിക്കുകയാണ്.

## (4) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

ശ്രീ. പി. ബി. അബ്ദുൾ റസാക്: മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 75 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയുണ്ടായി. പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, ഡ്രഡ്ജിംഗ് തുടങ്ങിയ പ്രവൃത്തികൾക്കായി 33.48 കോടി രൂപയുടെ

സാങ്കേതികാനുമതി നൽകി ഇ-ടെണ്ടർ മുഖേന പ്രീക്വാളിഫിക്കേഷൻ ദർഘാസ് ക്ഷണിക്കുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അനുമതി ലഭ്യമാക്കി M/s ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനിക്ക് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും കമ്പനിയുടെ മാനേജിംഗ് പാർട്ട്ണർ മരണപ്പെട്ടതിനെത്തുടർന്ന് തുടർനടപടികൾ കൈക്കൊള്ളാൻ സാധിച്ചില്ല. ഈ ആഴ്ചതന്നെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (5) ഏറ്റുമാനൂർ ബൈപ്പാസ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: മണർക്കാടുനിന്ന് ഏറ്റുമാനൂരിലേയ്ക്കുള്ള ബൈപ്പാസിന്റെ പണി പൂർത്തിയാക്കുന്നതിനും കെ.എസ്.ടി.പി. പദ്ധതി പ്രകാരം എം.സി. റോഡ് വികസനം ഏറ്റുമാനൂർ ഭാഗത്ത് തുടങ്ങുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കെ.എസ്.ടി.പി-II പദ്ധതിയിലുൾപ്പെട്ട എം.സി. റോഡിലെ ചെങ്ങന്നൂർ-ഏറ്റുമാനൂർ 47.7 കിലോമീറ്റർ ഭാഗത്തെ നിർമ്മാണപ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ തെള്ളകം മുതൽ പട്ടിത്താനംവരെയുള്ള റോഡ് കരാർ വ്യവസ്ഥ പ്രകാരം നിർമ്മാണ പ്രവൃത്തികൾ മൂന്നാമത്തെ മൈൽഡ് സ്റ്റോണിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും സൈഡ്

വർക്കുകൾ, കലുങ്കുകൾ, ചെറിയ പാലങ്ങൾ എന്നിവയൊക്കെ ഉടൻതന്നെ നിർമ്മിക്കുന്നതിന് കരാറുകാരന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ ഭാഗത്തെ ഓടകളുടെയും കലുങ്കുകളുടെയും പണികൾ ഉടൻ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ബൈപ്പാസ്സിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

## (6) ഇടച്ചിറ പാലത്തിന് അപ്രോച്ച് റോഡ്

ശ്രീ. സി. ദിവാകരൻ: സുനാമിബാധിത പ്രദേശമായ ആലപ്പാട് പഞ്ചായത്തിലെ ഇടച്ചിറ പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഇടച്ചിറ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി 2013-ൽ പൂർത്തികരിച്ചതാണ്. പ്രസ്തുത പാലത്തിന്റെ ഉദ്ഘാടന സമയത്ത് അനുബന്ധ റോഡ് നിർമ്മിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ആലപ്പാട് പഞ്ചായത്ത് ഏറ്റെടുത്ത് തരുന്നമുറയ്ക്ക് അതിനുള്ള ഭരണാനുമതി നൽകി റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്.

## (7) അയിലം പാലം

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ-കിളിമാനൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അയിലം പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): 2009-ലാണ് അയിലം പാലത്തിന് ഭരണാനുമതി നൽകിയത്. പാലത്തിന് മൂന്ന് സ്പാനുകളുള്ളതിൽ രണ്ടെണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. പണി ഏറ്റെടുക്കുന്ന കരാറുകാർ ഉഴപ്പുന്നതിനാലാണ് പല പ്രവൃത്തികളും നീണ്ടുപോകുന്നത്. ഇത്തരക്കാരെ eliminate ചെയ്യാൻ നിയമപരമായി പല തടസ്സങ്ങളുമുണ്ട്. മീറ്റിംഗ് വിളിച്ച് പാലത്തിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കി ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്.

## (8) വിവിധ പാലങ്ങളുടെ നിർമ്മാണം

ശ്രീ. വി. ശിവൻകുട്ടി: നേമം നിയോജകമണ്ഡലത്തിലെ മധുപാലം, പനത്തുറ, മുടവൻമുഗൾ, സത്യൻനഗർ, പള്ളത്ത് കടവ്, കല്ലടിമുഖം, മാങ്കോട്ട് കടവ്, തിരുവല്ലം-ഇടയാർ, കീഴാറന്നൂർ എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : നേമം നിയോജകമണ്ഡലത്തിലെ കല്ലടിമുഖം പാലത്തിന് 500 ലക്ഷം രൂപയുടെയും മധുപാലം നിർമ്മാണത്തിന് 700 ലക്ഷം രൂപയുടെയും പള്ളത്തുകടവ് പാലത്തിന്റെ

നിർമ്മാണത്തിന് 850 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകുകയും അവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കുന്നതിന് ഉഭയകക്ഷി സമ്മതപ്രകാരം നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു.

## (9) കഡാവർ കരൾ ശസ്ത്രക്രിയാ കേന്ദ്രം

ശ്രീ. എ. കെ. ശശീന്ദ്രൻ: കോഴിക്കോട് മെഡിക്കൽ കോളേജിനെ കഡാവർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ കേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): അപകടമരണം സംഭവിക്കുകയോ മസ്തിഷ്കമരണം സംഭവിക്കുകയോ ചെയ്യുന്ന ആളുകളിൽ നിന്നും ഉപയോഗപ്രദമായ അവയവങ്ങൾ ആവശ്യക്കാരായ രോഗികൾക്ക് നൽകുന്നതിനായി 'മൃതസഞ്ജീവനി' എന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി നിലവിൽവന്നതിനുശേഷം ഇതുവരെ 355 കഡാവർ ട്രാൻസ്പ്ലാന്റേഷൻ നടത്തിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ പദ്ധതി ആരംഭിക്കണമെന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്തപടിയായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇത് ആരംഭിക്കുന്നതിനുള്ള പ്രാരംഭ

പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. ഘട്ടംഘട്ടമായി കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

### 2014-ലെ ദി കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് എംപ്ലോയീസ് പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി റൂൾസിന് നൽകിയ ഭേദഗതികളുടെ പരിഗണന

ശ്രീ. എം. ഉമ്മർ: 2014 ജൂലൈ 10-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 77/2014/എൽ.ബി.ആർ(എസ്.ആർ.ഒ. നമ്പർ 432/2014) മുഖേന പുറപ്പെടുവിച്ച

2014-ലെ ദി കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് എംപ്ലോയീസ് പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി റൂൾസിന് എന്റെയും ശ്രീ. കെ.എൻ.എ. ഖാദർ അധികാരപ്പെടുത്തിയതുമായ ഭേദഗതികൾ അവതരിപ്പിക്കുന്നു. തൊഴിലാളികളുടെ അടിസ്ഥാനപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ഭേദഗതികളാണ് സമർപ്പിച്ചിട്ടുള്ളത്. അവ അംഗീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ശ്രീ. എം. ഉമ്മറും ശ്രീ. കെ. എൻ. എ. ഖാദറും അവതരിപ്പിച്ച ഭേദഗതികളിൽ താഴെപ്പറയുന്നവ അംഗീകരിക്കുന്നു. അക്ഷരത്തെറ്റുകൾ ഉള്ളവ ഇറാറ്റം കൊണ്ടുവന്ന് പരിഹരിക്കുന്നതാണ്.

I. In rule 2(1) for the figure " 2014" the figure " 2013" shall be substituted.

III. In rule 7(1) for the words " The accounts of the income and expenditure of the Board" , the words " The accounts of the income and expenditure of the Fund" shall be substituted.

IV. In rule 7(3) after the words " shall be submitted" , the words " within three months" shall be added.

V. In rule 9(1) after the words " employees retired from the service

of the Board" , the words " and for the dependents of the deceased" shall be added

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

## ധനകാര്യം

### 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും (664,43,98,000 രൂപ)

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം (233,87,89,000 രൂപ)

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ: വിലക്കയറ്റവും വർദ്ധിച്ച ജീവിതച്ചെലവും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പരമ്പരാഗതാ വ്യവസായങ്ങളുടെയും തകർച്ചയും സംസ്ഥാനത്തെ തൊഴിലാളികളുടെ ജീവിതം ദുരിതത്തിലാക്കിയിരിക്കുകയാണ്. തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സംസ്ഥാന സർക്കാർ പൂർണ്ണ പരാജയമാണ്. രാജസ്ഥാൻ സർക്കാർ തൊഴിൽ നിയമങ്ങളിൽ കൊണ്ടുവന്ന തൊഴിലാളിവിരുദ്ധ ഭേദഗതികൾ മറ്റു സംസ്ഥാനങ്ങളിലും നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ സമ്മർദ്ദം ചെലുത്തുകയാണ്. കേന്ദ്രസർക്കാരിന്റെ തൊഴിലാളിവിരുദ്ധ നയങ്ങളെ പിന്തുണയ്ക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. പുതിയ കേന്ദ്ര തൊഴിൽനിയമത്തിലെ ഗുണകരമല്ലാത്ത വ്യവസ്ഥകൾ ചൂണ്ടിക്കാണിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുന്നതിനും തയ്യാറാകണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പുതിയ കേന്ദ്ര തൊഴിൽ നയത്തോട് സംസ്ഥാന സർക്കാരിന് യോജിപ്പില്ലെന്ന അഭിപ്രായം തൊഴിൽ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ വ്യക്തമാക്കുകയും ഇൻഡ്യൻ ലേബർ കോൺഗ്രസ്സിന്റെ അജണ്ടയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ട്രേഡ് യൂണിയനുകളുടെ അഭിപ്രായം ആരാഞ്ഞശേഷം ഈ കരിനിയമത്തെ എതിർക്കാൻ സർക്കാർ മുൻകയ്യെടുക്കുന്നതാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: മർമ്മ പ്രധാന മേഖലകളിലെല്ലാം അനിയന്ത്രിതമായ തരത്തിൽ വിദേശ പ്രത്യക്ഷ മൂലധന നിക്ഷേപം അനുവദിക്കുന്നതും മേജർ തുറമുഖങ്ങൾ കോർപ്പറേറ്റുകൾക്ക് കൈമാറുന്നതും ആപത്കരമാണ്. ഇ.പി.എഫ്., ഇ.എസ്.ഐ. നിയമം ഭേദഗതി ചെയ്യുന്നതിലൂടെ തൊഴിലാളികളുടെ സാമൂഹ്യസുരക്ഷയ്ക്ക് കേന്ദ്രസർക്കാർ തുരങ്കം വയ്ക്കുകയാണ്. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കാനും കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും തയ്യാറാകണം. സ്വകാര്യ ബസ് തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കണം. കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ സർവ്വീസിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവ്

ഓഫീസറായി നിയമിച്ച നടപടി ആശാസ്യമല്ല. കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ആശാ വർക്കർമാർക്കുള്ള പ്രതിഫലം യഥാസമയം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. റ്റി. എൻ. പ്രതാപൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഭ്യന്തര സംഘർഷ മേഖലകൾ, ദുരന്തബാധിത പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രവാസി മലയാളികളെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. നിതാഖത്ത് നിയമംമൂലം തൊഴിൽപ്രശ്നമുണ്ടായപ്പോൾ പ്രവാസികളുടെ രേഖകൾ നിയമാനുസൃതമാക്കാൻ സമയോചിതമായ ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചു. സ്വകാര്യ/പൊതുമേഖലാ വിമാനക്കമ്പനികൾ അനിയന്ത്രിതമായി വിമാന യാത്രാക്കൂലി വർദ്ധിപ്പിക്കുന്നത് പ്രതിഷേധാർഹമാണ്. പ്രവാസികളുടെ നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തണം. വിശ്വസനീയവും സുതാര്യവുമായ ഒരു ഏജൻസിയിലൂടെ പ്രവാസി മലയാളികളുടെ നിക്ഷേപം സ്വരൂപിക്കാനും അവയ്ക്ക് ഗ്യാരന്റി നൽകാനും കഴിയണം. വ്യവസായങ്ങൾക്കായി പ്രവാസികൾ നിക്ഷേപിക്കുന്ന മുതലിന്റെ ഒരംശം സർക്കാർ സ്വരൂപിച്ച് കാർഷിക രംഗത്ത് പ്രയോജനപ്പെടുത്തണം. സാധാരണക്കാരായ പ്രവാസികളിൽനിന്ന്

ചെറിയ നിക്ഷേപം സമാഹരിച്ച് അവരുടെ പങ്കാളിത്തത്തോടെ ജൈവകൃഷി ആരംഭിക്കാനും അതുവഴി കാർഷിക മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാനും സാധിക്കണം. നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് സഹകരണ സംഘങ്ങളുണ്ടാക്കി പ്രവാസി മലയാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. കേരളത്തിലെ അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തണം. സഹകാരികൾക്ക് പ്രയോജനകരമാംവിധം കോമൺ ഗുഡ് ഫണ്ട് വിനിയോഗിക്കണം. കൺസ്യൂമർഫെഡിനെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ തൊഴിൽ വകുപ്പ് യാതൊരു പ്രവർത്തനവും നടത്തുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച കമ്മിറ്റി നൽകിയ ശിപാർശ അട്ടിമറിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കാനുള്ള ഇടപെടലുണ്ടാകണം. തോട്ടങ്ങളെല്ലാം പൂട്ടുന്ന സ്ഥിതിവിശേഷമാണുള്ളത്. തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം.

പി.എൽ.സി. സമയബന്ധിതമായി വിളിച്ചുകൂട്ടാനും ഭവനം പദ്ധതി നടപ്പാക്കാനും തയ്യാറാകണം. അനധികൃതമായി തോട്ടം ഉടമകൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന സർക്കാർഭൂമി ഏറ്റെടുത്ത് തോട്ടംതൊഴിലാളികൾക്ക് ഭവനപദ്ധതി ആവിഷ്കരിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദേശരാജ്യങ്ങളിലുണ്ടായ ആഭ്യന്തരകലാപങ്ങളെത്തുടർന്നും സൗദിയിലെ നിതാഖാത്ത് നിയമവുമായി ബന്ധപ്പെട്ടുമുണ്ടായ പ്രശ്നങ്ങളിൽപെട്ട് ദുരിതമനുഭവിച്ച ആളുകളെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസവും ക്ഷേമവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രവാസികളുടെ നിക്ഷേപം ഉപയോഗിച്ച് നാട്ടിൽ തിരികെയെത്തുന്നവർക്കുവേണ്ടി ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കണം. പ്രവാസികളെ ചൂഷണം ചെയ്യുന്ന വിമാനകമ്പനികളെ നിയന്ത്രിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ പ്രവാസികൾക്കും വോട്ടവകാശം നൽകണം. കേരളത്തിലെ സഹകരണപ്രസ്ഥാനം

രാജ്യത്തിനാകെ മാതൃകയാണ്. ടൂറിസം ഉൾപ്പെടെയുള്ള രംഗങ്ങളിൽ സഹകരണപ്രസ്ഥാനം മുന്നേറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ചില സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതിയിലും കെടുകാര്യസ്ഥതയിലും ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണം. സഹകരണ മേഖലയിൽ നടപ്പാക്കിയ 'എന്റെ സംഘം കാമ്പെയിൻ', ആശ്വാസ്, ഉണർവ്, റിസ്ക് ഫണ്ട് പദ്ധതി, കർഷക സേവനകേന്ദ്രം, പലിശയിളവ് പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കുള്ള കടാശ്വാസപദ്ധതി തുടങ്ങിയവ സ്വാഗതാർഹമാണ്. സഹകാരികളുടെ ചിരകാല സ്വപ്നമായിരുന്ന 'സഹകരണ സമുച്ചയം' നിർമ്മിക്കുന്നതോടൊപ്പം മലപ്പുറം ജില്ലയിൽ 'സഹകരണ പരിശീലന കോളേജ് ' ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. തൊഴിൽ മേഖലയിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ തൊഴിലാളി വിരുദ്ധ സമീപനങ്ങൾക്കെതിരെ സർക്കാർ സ്വീകരിച്ച നിലപാടും നോക്കുകൂലി അവസാനിപ്പിക്കാനെടുത്ത നടപടിയും സ്വാഗതാർഹമാണ്. സ്വകാര്യ നഴ്സിംഗ് മേഖലയിൽ മിനിമം വേതനവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച സമീപനം പ്രശംസാർഹമാണ്.

സ്വകാര്യ ആശുപത്രികൾ, ഹോട്ടലുകൾ, പണമിടപാട് സ്ഥാപനങ്ങൾ, ജ്വല്ലറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് ആരംഭിച്ച 'വേതന സുരക്ഷാപദ്ധതി'യും തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് കൗൺസിലിംഗും പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കിയ നടപടിയും ശ്ലാഘനീയമാണ്. കർഷകത്തൊഴിലാളി പെൻഷന്റെ വരുമാനപരിധി വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധി ബോർഡുകൾക്ക് മാച്ചിംഗ് ഗ്രാന്റ് സമയബന്ധിതമായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ജില്ലാ ആസ്ഥാനങ്ങളിൽ ലേബർ ടവറുകൾ നിർമ്മിക്കുന്നതിനും ക്ഷേമനിധി ഓഫീസുകളിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. നാണു:</u> പ്രവാസി നിക്ഷേപം ഉപയോഗിച്ച് ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും പൂട്ടിക്കിടക്കുന്ന വൻകിട എസ്റ്റേറ്റുകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും ഭവനരഹിതരായ ആളുകൾക്ക് ഭവന പദ്ധതി ആവിഷ്കരിക്കുന്നതിനും കടലോരമേഖലകളുടെ സംരക്ഷണത്തിനും

ആവശ്യമായ നടപടി സ്വീകരിക്കണം. ജീവൻരക്ഷാ മരുന്നുകൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കാനും കയറ്റുമതി ചെയ്യാനുമുതകുംവിധം മരുന്നുകമ്പനികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. വിമാന കമ്പനികൾ പ്രവാസി മലയാളികളെ ചൂഷണം ചെയ്യുന്ന നടപടി കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്ത് പരിഹരിക്കണം. സഹകരണ ബാങ്കുകളിലെ ഡെപ്പോസിറ്റ് കളക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ മേഖലയിൽ നിരവധി ക്രിയാത്മക പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചു. സമാധാനപരമായ തൊഴിൽ രംഗം സൃഷ്ടിച്ച് ഭൗതിക ഉൽപ്പാദന മേഖലയിൽ മാറ്റങ്ങളുണ്ടാക്കാനും ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് തൊഴിൽ സുരക്ഷയും വേതനവും ഉറപ്പാക്കാനും പൂട്ടിക്കിടന്നിരുന്ന 12 റബ്ബർ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാനും കഴിഞ്ഞു. സ്വകാര്യ തൊഴിൽ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വേതന സുരക്ഷാ പദ്ധതി സ്വാഗതാർഹമാണ്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ വരുത്തിയ ഭേദഗതി അഭിനന്ദനാർഹമാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള നിയമനിർമ്മാണം അടിയന്തരമായി നടത്തണം. വിവിധ തൊഴിൽ മേഖലകളിൽ

മിനിമം വേതനം ഉറപ്പാക്കാനും കൂലി പുതുക്കി നിശ്ചയിക്കാനും ഇ.എസ്.ഐ. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും കഴിഞ്ഞു. ഇ.എസ്.ഐ. ആശുപത്രികളിലെ ഡോക്ടർമാരെ നേരിട്ട് നിയമിക്കാനും കാഞ്ഞിരപ്പിള്ളി ജനറൽ ആശുപത്രിയോടനുബന്ധിച്ച് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കാനും സമാന സ്വഭാവമുള്ള ക്ഷേമനിധികളെ ഏകോപിപ്പിക്കാനും നടപടി സ്വീകരിക്കണം. തൊഴിൽ മേഖലയിൽ പുതിയ തലമുറയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ കഴിയുന്ന കൗശൽ കേന്ദ്രം നടപ്പാക്കാനുള്ള തീരുമാനം പ്രശംസനീയമാണ്. സഹകരണ വകുപ്പ് നടപ്പാക്കുന്ന റിസ്ക് ഫണ്ട്, ആലില, സുവർണ്ണ കേരളം തുടങ്ങിയ പദ്ധതികൾ അഭിനന്ദനാർഹമാണ്. കേന്ദ്ര ആദായ നികുതി വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ മേഖലയെ തകർക്കാനുള്ള ശ്രമത്തെ ചെറുക്കാനും അടിയന്തര നിയമഭേദഗതിക്കുവേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താനും കഴിയണം. സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷനും ഹൗസിംഗ് സൊസൈറ്റികൾ നേരിടുന്ന പ്രതിസന്ധിക്കും പരിഹാരമുണ്ടാക്കാനും ആർബിട്രേഷൻ എക്സിക്യൂഷന്റെ വർദ്ധിപ്പിച്ച ഫീസ് കുറയ്ക്കാനും നടപടിയുണ്ടാകണം. വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്താൻ പ്രവാസി വകുപ്പിന് കഴിഞ്ഞു.

<u>ശ്രീ. എ. എ. അസീസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതുൾപ്പെടെ തൊഴിലാളികൾക്ക്

ഗുണകരമായ നിരവധി പദ്ധതികൾ നടപ്പാക്കാൻ തൊഴിൽ വകുപ്പിന് സാധിച്ചു. നഴ്സിംഗ് മേഖലയിലെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തിയതിനുപുറമെ പേഴ്സണൽ ആക്സിഡന്റ് ക്ലെയിം, സ്കിൽ ഡെവലപ്മെന്റ് മിഷൻ, കൗശൽ കേന്ദ്രം മുതലായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ സമരം ഇല്ലാതാക്കാൻ സാധിച്ചു. കേന്ദ്ര സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കരിനിയമങ്ങൾക്കെതിരെ സഭയുടെ പ്രതിഷേധം ഉണ്ടാകണം. ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പാരിപ്പള്ളിയിൽ നിലനിർത്തുന്നതിനും അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ വേതന ഘടന പരിഷ്കരിക്കുന്നതിനും പരമ്പരാഗത വ്യവസായ മേഖലയിലെ ക്ഷേമ പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ മേഖല മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തയാൾ മരണപ്പെട്ടാൽ വായ്പ തുകയിൽ ഇളവ് നൽകാൻ കോർപ്പസ് ഫണ്ട് രൂപീകരിച്ചതും ന്യായവില മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചതും യു.ഡി.എഫ്. ഗവൺമെന്റിന്റെ സുപ്രധാന നേട്ടങ്ങളാണ്.

ശ്രീ. ആർ. സെൽവരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രവാസി മലയാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി അടിയന്തരമായി കമ്മീഷനെ

നിയോഗിക്കണം. വിമാനക്കമ്പനികളുടെ ചൂഷണത്തിൽനിന്ന് പ്രവാസികളെ രക്ഷിക്കുന്നതിന് പ്രവാസി മലയാളികളുടെ അദാലത്ത് സംഘടിപ്പിക്കുകയും എല്ലാ വിദേശ രാജ്യങ്ങളിലും നോർക്ക അഡ്ഹോക് കമ്മിറ്റി രൂപീകരിക്കുകയും ചെയ്യണം. പ്രവാസികളുടെ അംഗസംഖ്യ സംബന്ധിച്ച് കൃത്യമായ വിവരശേഖരണം നടത്തി നാട്ടിൽ മടങ്ങിയെത്തുന്ന പ്രവാസികൾക്കായി ക്ഷേമ പെൻഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം. യു.ഡി.എഫ്. ഗവൺമെന്റ് പ്രവാസികളോട് സ്വീകരിക്കുന്ന സഹായകരമായ നിലപാട് അഭിനന്ദനാർഹമാണ്. തൊഴിൽ മേഖലയിൽ സമാധാന അന്തരീക്ഷം വളർത്തിയെടുക്കാനും അമിത നോക്കുകൂലി അവസാനിപ്പിക്കാനും കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണ്. കേരളത്തിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന ക്ഷേമ-ആരോഗ്യ പരിപാലന പദ്ധതികൾ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.

(ബഹുമാനപ്പെട്ട എം.എൽ.എ.യുടെ പ്രസംഗത്തിനിടയിലുണ്ടായ പരാമർശത്തെ സംബന്ധിച്ചുള്ള പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ഉച്ചയ്ക്കുശേഷം 2.32-ന് നിർത്തിവച്ച സഭ 2.34 ന് പുനരാരംഭിച്ചു)

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:</u> അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവുമാണ് കഴിഞ്ഞ നാലുവർഷമായി കേരളത്തിൽ നടക്കുന്നത്. ഇന്ത്യയിലെ സഹകരണ പ്രസ്ഥാനങ്ങളിൽ ഒന്നാം

സ്ഥാനത്തായ കേരളത്തിന്റെ സഹകരണമേഖലയെ തകർക്കുന്ന രീതിയാണ് സർക്കാർ അവലംബിക്കുന്നത്. സഹകരണ മേഖലയിൽ ആരംഭിച്ച കേപ്പ് എന്ന സ്ഥാപനം മിസ്മാനേജ്മെന്റിന്റെ ഫലമായി നിർജ്ജീവാവസ്ഥയിലാണ്. കൺസ്യൂമർഫെഡ് പ്രവർത്തന രഹിതമായി. കൃഷിക്കാരന് സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പെയടുക്കാനോ പണം നിക്ഷേപിക്കാനോ സാധിക്കുന്നില്ല. സഹകരണരംഗത്ത് മാറ്റം വരുത്താനും കൺസ്യൂമർഫെഡിന് ഫണ്ട് അനുവദിക്കാനും അഴിമതിക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാനും തയ്യാറാകണം.

<u>ശ്രീ. പി. എ. മാധവൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളികളുടെയും തൊഴിലില്ലാത്തവരുടെയും സമരങ്ങൾ കുറച്ചുകൊണ്ടുവരാനും നോക്കുകൂലി സമ്പ്രദായം നിർത്തലാക്കാനും കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ ദേശീയതലത്തിൽ ശക്തമായ ചെറുത്തുനിൽപ്പിന് നേതൃത്വം കൊടുക്കാനും ഗവൺമെന്റ് മുൻകൈയെടുത്തു. 22 തൊഴിൽ മേഖലകളിൽ പുതുതായി മിനിമം വേതനം പ്രഖ്യാപിക്കാനും 16 മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം പുതുക്കി നിശ്ചയിക്കാനും നടപടി സ്വീകരിച്ചു. തൊഴിലാളികളുടെ തൊഴിൽ-വേതന-സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ചിസ് പ്ലസ്, ആം

ആദ്മി യോജന തുടങ്ങിയ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിൾ സെന്ററുകളാക്കി മാറ്റാനും ഐ.റ്റി.ഐ.കളെ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതോടൊപ്പം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചു. കർഷകത്തൊഴിലാളികളുടെ മിനിമം വേതനവും ക്ഷേമനിധി ആനുകൂല്യങ്ങളും പുതുക്കി നിശ്ചയിക്കാനും നഴ്സിംഗ് മേഖലയിലെ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട അഴിമതി തടയാനും കൺസ്യൂമർഫെഡിലെ അമിഴതിക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർക്കാരിന്റെ പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഒരുപോലെ പ്രവാസികളെ വഞ്ചിച്ചുകൊണ്ടിരിക്കുന്നു. പ്രവാസികൾക്കുള്ള വിമാനക്കൂലി അമിതമായി കൂട്ടിയിരിക്കുന്നു. ഇന്റർ നാഷണൽ ഹബ്ബ് നൽകുന്നതുമായി ബന്ധപ്പെട്ട ചർച്ചകളിൽ സംസ്ഥാന മന്ത്രിമാരുടെ ഇടപെടൽ ഉണ്ടാകാത്തതിനാൽ കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളെയും കേന്ദ്രം പരിഗണിക്കാത്ത സാഹചര്യമാണുണ്ടായത്. കേരള ഗവൺമെന്റ് പ്രവാസി ക്ഷേമത്തിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ നിരാശാജനകമാണ്. ക്ഷേമനിധി ബോർഡിൽ

ചേരുന്നതിനുള്ള പ്രായപരിധി 60 വയസ്സാക്കി നിശ്ചയിക്കാനോ അവർക്കുള്ള ആനുകൂല്യങ്ങൾ നൽകാനോ നിതാഖത്തുമായി ബന്ധപ്പെട്ട പുനരധിവാസത്തിനായി എന്തെങ്കിലും ചെയ്യാനോ സർക്കാരിന് സാധിച്ചിട്ടില്ല. ചികിത്സാസഹായത്തിന് അപേക്ഷ നൽകി വർഷങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. മറ്റ് വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ പോലും പ്രവാസികൾക്ക് നൽകുന്നില്ല. സാധാരണക്കാരായ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകണം.

ശ്രീ. കെ. എം. ഷാജി: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. പ്രവാസികൾക്കുള്ള വിമാനക്കൂലി അമിതമായി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുകയും പ്രവാസികൾക്ക് വോട്ടവകാശം നേടിക്കൊടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും വേണം. സഹകരണ രംഗത്തും തൊഴിൽ മേഖലയിലുമുണ്ടായിട്ടുള്ള മാറ്റങ്ങൾ ശ്രദ്ധേയമാണ്. നഴ്സിംഗ് മേഖലയിൽ മിനിമം വേതനം ഉറപ്പുവരുത്താനും സുരക്ഷിതത്വം നൽകാനും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാനും സുരക്ഷാ പദ്ധതിയ്ക്ക് രൂപം കൊടുക്കാനും വാണിജ്യമേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണം നൽകാനും കഴിയുന്ന ഭേദഗതി കൊണ്ടുവന്ന് നോക്കുകൂലി നിയന്ത്രണവിധേയമാക്കാനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിൾ സെന്ററുകളാക്കി മാറ്റാനും സാധിച്ചു. അസംഘടിത മേഖലയിലും അൺഎയ്ഡഡ് മേഖലയിലും പണിയെടുക്കുന്നവരുടെ സംരക്ഷണം

ഉറപ്പുവരുത്തണം. കൗശൽ കേന്ദ്രയിലൂടെ തൊഴിൽദാതാക്കളെ ശാക്തീകരിക്കാനും അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ പരിരക്ഷിക്കാനുമുള്ള സമീപനമുണ്ടാകണം. രാഷ്ട്രീയത്തെ വിശാലമായ അർത്ഥത്തിൽ കാണാനുള്ള മര്യാദയും മാന്യതയും ഇടതുപക്ഷം കാണിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: കേരളത്തിന്റെ വികസനത്തിന് ഏറെ സംഭാവന ചെയ്ത സഹകരണ മേഖലയെ തകർക്കുന്ന സമീപനമാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കുന്നത്. നീതി സ്റ്റോർ, മാവേലി സ്റ്റോർ തുടങ്ങിയ സഹകരണ സ്ഥാപനങ്ങളെല്ലാം നഷ്ടത്തിലായിക്കൊണ്ടിരിക്കുന്നു. തൊഴിൽ നിയമങ്ങൾ ഏകപക്ഷീയമായി ഭേദഗതി ചെയ്തുകൊണ്ട് ചെറുകിട വ്യവസായ യൂണിറ്റുകളിൽ ജോലി ചെയ്യുന്നവരുടെ തൊഴിലവകാശങ്ങൾ നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇത്തരമൊരു നിയമംവന്നാൽ ട്രേഡ് യൂണിയനുകളുടെ പ്രസക്തിതന്നെ ഇല്ലാതാകും. തൊഴിൽ സംരക്ഷണവും തൊഴിലാളിക്ഷേമവും സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങളുമായി ബന്ധപ്പെട്ടാണ് സംസ്ഥാന ഗവൺമെന്റ് നിലപാട് സ്വീകരിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും പരമ്പരാഗത വ്യവസായങ്ങളെയും സംരക്ഷിക്കുന്നതിനും ക്രിയാത്മകമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും

നടപടി സ്വീകരിക്കുന്നില്ല. സാമൂഹ്യ സുരക്ഷാ പദ്ധതികളാകെ താളംതെറ്റിയിരിക്കുകയാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിരവധി പരിഷ്ക്കാരങ്ങളും പുതിയ സ്കീമുകളും സഹകരണ രംഗത്ത് നടപ്പാക്കിയിട്ടുണ്ട്. നിക്ഷേപ ഗ്യാരന്റി സംവിധാനം നടപ്പാക്കുന്നതിനുവേണ്ടി നിക്ഷേപ ഗ്യാരന്റി ബോർഡ് രൂപീകരിച്ചു. കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങളിലുള്ള അപാകതകൾ പരിഹരിക്കണം. കടക്കെണിയിലായ തീരദേശത്തെ പ്രൈമറി സംഘങ്ങളെ സംരക്ഷിക്കണം. ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട തൊഴിൽപരമായ കാര്യങ്ങളിൽ ഇടപെടുന്നതിന് തൊഴിൽ വകുപ്പിന് സാധിക്കണം. വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിൽ കൂടുതൽ പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അന്യസംസ്ഥാന തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തണം. സാങ്കേതിക വൈദഗ്ധ്യമുള്ളവരെ വിദേശ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്നതിന് തൊഴിൽ വകുപ്പ് നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്. ലിബിയ, ഇറാഖ്, യമൻ തുടങ്ങിയ രാജ്യങ്ങളിൽ സംഘർഷാവസ്ഥയുണ്ടായപ്പോൾ അവിടെയുണ്ടായിരുന്ന മലയാളികളെ

സുരക്ഷിതരായി കേരളത്തിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: മതനിരപേക്ഷത നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരുള്ളിടത്തോളം കാലം ഇടതുപക്ഷത്തിന് പ്രസക്തിയുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഒന്നോ രണ്ടോ തെരഞ്ഞെടുപ്പുകളിലെ തോൽവി ഏതെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയുടെ അപചയത്തിന്റെയോ അന്ത്യത്തിന്റെയോ അടയാളമായി കാണാൻ കഴിയില്ല. ഇടതുപക്ഷം ഭരിച്ചിരുന്ന സ്ഥലങ്ങളിൽ ഭരണത്തോടൊപ്പം ജനങ്ങളുടെ മനസ്സിനെ മതനിരപേക്ഷമാക്കുന്നതിനും ശ്രമിച്ചിരുന്നതിനാലാണ് അവിടങ്ങളിൽ ബി.ജെ.പി.യുടെ വർഗ്ഗീയ അജണ്ട നടപ്പാക്കാൻ കഴിയാതെ പോയത്. കേരളത്തിൽ ബി.ജെ.പി.യുടെ കടന്നുകയറ്റത്തെ പ്രതിരോധിച്ച് നിറുത്തുന്നത് ഇടതുപക്ഷ പാർട്ടികളാണ്. മൃദുല ഹിന്ദുത്വ നിലപാട് കോൺഗ്രസ് സ്വീകരിക്കുമ്പോൾ വർഗ്ഗീയവാദികൾക്കെതിരെ അതിശക്തമായ നിലപാടാണ് ഇടതുപക്ഷ പാർട്ടികൾ സ്വീകരിക്കുന്നത്. മതനിരപേക്ഷതയെ ദുർബ്ബലപ്പെടുത്തുന്ന സമീപനങ്ങളാണ് ഭരണകക്ഷിയുടെ ഭാഗത്തുനിന്നുണ്ടാകുന്നത്.

(ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടിപ്രസംഗങ്ങൾ ബഹിഷ്കരിച്ച് പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയിൽ നിന്നും പുറത്തുപോയി)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സീസൺ സമയങ്ങളിൽ അമിത യാത്രാകൂലി

ഈടാക്കി വിമാനക്കമ്പനികൾ പ്രവാസികളെ ചൂഷണം ചെയ്യുന്നത് തടയണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. പ്രവാസികളുടെ വോട്ടവകാശം യാഥാർത്ഥ്യമാക്കുന്ന കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സമീപനം തടസ്സമാവുകയാണ്. വിദേശരാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങളാലും തൊഴിൽ പ്രശ്നങ്ങളാലും വലഞ്ഞ പ്രവാസികളെ മടക്കിക്കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ മാതൃകാപരമായിരുന്നു. നിതാഖാത്ത് വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തുകയും രേഖകൾ പുതുക്കാനുള്ളവർക്ക് സഹായങ്ങൾ ചെയ്തുകൊടുക്കുകയും മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സമഗ്രമായ പാക്കേജ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസികളുടെ നിക്ഷേപത്താൽ സമ്പന്നമായ പൊതുമേഖല ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവാസി പുനരധിവാസ പാക്കേജുമായി സഹകരിക്കാൻ തയ്യാറാകാത്തത് നിർഭാഗ്യകരമാണ്. ബാങ്കുകളുടെ നിഷേധാത്മക നിലപാടുമൂലം പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട് 1000 പേർക്കു മാത്രമാണ് വായ്പ ലഭ്യമാക്കാൻ സാധിച്ചത്. പ്രവാസിക്ഷേമകാര്യങ്ങളിൽ സംസ്ഥാന സർക്കാരുമായി യോജിച്ചുപ്രവർത്തിക്കാൻ ബാങ്കുകൾ തയ്യാറാകണം. 'സാന്ത്വനം' പദ്ധതി പ്രകാരം ഇതുവരെ 9 കോടി രൂപയുടെ ധനസഹായം നൽകുന്നതിന് സർക്കാരിന് സാധിച്ചു.

വിദേശത്തുവച്ച് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന്

കാരുണ്യം പദ്ധതി പ്രകാരം 50,000 രൂപ നൽകുന്നുണ്ട്. ചെയർമാൻ ഫണ്ട് പദ്ധതി പ്രകാരം 26 ലക്ഷം രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇ.സി.ആർ. ക്ലിയറൻസ് നിർബന്ധമാക്കുന്നതിന് മുമ്പ് സെലക്ഷൻ കിട്ടിയ നഴ്സുമാരെ അന്യരാജ്യങ്ങളിലേയ്ക്ക് പോകാൻ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവിടെ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കാനും പരിഹാരമുണ്ടാക്കാനും ശ്രമിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തുന്നു. സഹകരണ സംഘങ്ങളിൽ പ്രവാസി മലയാളികളുടെ നിക്ഷേപം സ്വീകരിക്കുന്നതിന് പ്രവാസി വകുപ്പുമായി യോജിച്ച് പദ്ധതി നടപ്പാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. മലപ്പുറത്ത് സഹകരണ പരിശീലന കേന്ദ്രം ആരംഭിക്കണമെന്ന ആവശ്യം സംസ്ഥാന സഹകരണ യൂണിയന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. സഹകരണ മേഖലയിലെ നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സഹകരണ മേഖലയിൽ ആദായ നികുതി

വകുപ്പിന്റെ ഇടപെടൽ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 5 കോടി രൂപ പലിശരഹിത വായ്പയായും 3.86 കോടി രൂപ സബ്സിഡിയായും അനുവദിച്ച് ഹൗസിംഗ് സഹകരണ സംഘങ്ങളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതും പണയപ്പെടുത്തിയ ആധാരങ്ങൾ തിരികെ നൽകുന്നതുമാണ്. സർക്കാരിന്റെ ഇടപെടൽമൂലം നബാർഡ് കഴിഞ്ഞ വർഷം 1300 കോടി രൂപ കാർഷിക വായ്പ അനുവദിച്ചത് ശ്രദ്ധേയമാണ്. കാർഷിക വായ്പയ്ക്കുള്ള പലിശ സബ്സിഡി പുന:സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൺസ്യൂമർ ഫെഡിന് 229.50 കോടി രൂപ അനുവദിക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. ധനസഹായം ലഭ്യമാക്കുകയും ചെയ്തു. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി സർക്കാർ ഗ്യാരന്റിയോടെ ജില്ലാസഹകരണ ബാങ്കുകൾ 150 കോടി രൂപ വായ്പ നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. ഉത്സവ കാലങ്ങളിൽ കൺസ്യൂമർ ഫെഡ് വിപണിയിൽ ശക്തമായ ഇടപെടൽ നടത്തുന്നതാണ്. 2014-15 വർഷം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 90.30 ശതമാനവും കേന്ദ്ര പദ്ധതി വിഹിതത്തിന്റെ 93.12 ശതമാനവും ചെലവഴിക്കാൻ സാധിച്ചു. സഹകരണ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള സംയോജിത സഹകരണ വികസന

പദ്ധതിയുടെ രണ്ടാംഘട്ടം ഇടുക്കി ജില്ലയിൽ നടപ്പിലാക്കിവരുന്നു. ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളും മുഖാമുഖം പരിപാടിയും 'ആലില', 'സുവർണ്ണ കേരളം' എന്നീ പദ്ധതികളും സഹകരണ മേഖലയുടെ സാമൂഹിക പ്രതിബദ്ധത തെളിയിക്കുന്നവയാണ്. ഈ സാമ്പത്തിക വർഷം മിഷൻ 676-ന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുകയും കേപ്പിന്റെ കീഴിലുള്ള ആറൻമുള എഞ്ചിനീയറിംഗ് കോളേജിൽ 2014-15 വർഷം അദ്ധ്യയനം ആരംഭിക്കുകയും 100 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, 100 പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ പുനരുദ്ധരിക്കുന്നതിന് ധനസഹായം അനുവദിക്കുകയും ചെയ്തു. സഹകരണ സംഘങ്ങളിലൂടെ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കോഴിക്കോട് ക്യാൻസർ കെയർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും 2 മണ്ണ് പരിശോധനാ ലാബുകൾ ആരംഭിക്കുകയും 3 ടിഷ്യൂകൾച്ചർ ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. തൃശ്ശൂർ ജില്ലയിൽ സഹകരണ മേഖലയിലുള്ള അരിമില്ലുകൾ പുനരുദ്ധരിക്കുന്നതിന് 734.40 ലക്ഷം രൂപ അനുവദിക്കുന്നതിന് എൻ.സി.ഡി.സി.-യിൽ നിന്നും അനുവാദം ലഭിച്ചിട്ടുണ്ട്. കേപ്പിന്റെ കീഴിലുള്ള മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണ

പ്രവർത്തനം പൂർത്തിയാക്കുന്നതിനും കൺസ്യൂമർഫെഡിന്റെ കീഴിലുള്ള ഫാർമസി കോളേജിൽ ബി-ഫാം കോഴ്സ് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകളും സൗരോർജ്ജ സംവിധാനവും സ്ഥാപിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു. 'സുവർണ്ണകേരളം' പദ്ധതിയുടെ ഭാഗമായി താലൂക്ക് തലത്തിൽ 'സുവർണം' എന്ന പേരിൽ സംഭരണ വിപണന ശൃംഖല രൂപീകരിക്കും. മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പൊതുനൻമ/പൊതു ഫണ്ട് ഉപയോഗിച്ച് അവയുടെ പ്രവർത്തന പരിധിയിലുള്ള ഒരു സർക്കാർ സ്കൂളിൽ മികച്ച ശുചിമുറി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും. തെരഞ്ഞെടുത്ത 100 സംഘങ്ങളിൽ ഔഷധ സസ്യകൃഷിയും സർക്കാരിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും സഹായത്തോടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കായി ഒരു പുനരുദ്ധാരണ പദ്ധതിയും നടപ്പാക്കും. സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണം ഈ വർഷം തന്നെ പൂർത്തിയാക്കും. ഒരു വർഷം കഴിഞ്ഞ എല്ലാ ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകളും 2015 ഡിസംബർ 31-നകം തീർപ്പാക്കുന്നതിന് ഊർജ്ജിത പരിപാടി നടപ്പിലാക്കും. 2015 ആഗസ്റ്റ് മാസം ഒരു ദേശീയ വർക്ക് ഷോപ്പ് കേരള കോ-ഓപ്പറേറ്റീവ്സ്-വിഷൻ 2025 സംഘടിപ്പിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ

നിയനിർമ്മാണം/സഹകരണ നിയമ ഭേദഗതി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി എ.ടി.എം. ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഐ.സി.ഡി.പി. സഹകരണത്തോടെ നടപ്പിലാക്കുന്നതും പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഇടുക്കി ജില്ലയിൽ ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതുമാണ്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സഹകരണ വായ്പാ സംഘങ്ങൾ/ബാങ്കുകൾ മുഖേന പ്രത്യേക സമ്പാദ്യ-നിക്ഷേപ പദ്ധതി നടപ്പിലാക്കും. വകുപ്പിലെ ഉദ്യോഗസ്ഥർക്കായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കും. ജില്ലാ തലത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കും. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന കണക്കിൽ 1000 സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതിലൂടെ 10,000 പേർക്ക് തൊഴിൽ നൽകുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതുമാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഒരു പുത്തൻ തൊഴിൽ സംസ്കാരം രൂപപ്പെടുത്തിയെടുക്കാൻ സർക്കാരിന് സാധിച്ചു.

നോക്കുകൂലിയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾക്കെല്ലാം പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. കേരളത്തിൽ പണിയെടുക്കുന്ന മിനിമം വേജസിന്റെ പരിധിയിൽപ്പെടാത്ത എല്ലാവർക്കും മിനിമം വേജസ് കിട്ടണം എന്ന ഉദ്ദേശത്തോടുകൂടി പുതുതായി തയ്യാറാക്കുന്ന 'കേവല വേതന അവകാശ ബിൽ 2015 ' അന്തിമഘട്ടത്തിലാണ്. സ്വാതന്ത്ര്യ ദിനം, റിപബ്ലിക് ദിനം, മെയ് ദിനം, ഒക്ടോബർ 2 എന്നീ ദിവസങ്ങളിൽ കേരളത്തിലെ എല്ലാ തൊഴിലാളികൾക്കും അവധി കിട്ടുന്ന നിലയിലേയ്ക്ക് കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡെയ്സ് (അമന്റ്മെന്റ്) ബിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ക്ഷേമനിധിയിലെ അംഗത്വം കറക്ട് സമയത്ത് പുതുക്കാൻ സാധിക്കാതെ പോയവർക്ക് നിയമാനുസരണം അവ പുതുക്കാനുള്ള അവസരം നൽകാൻ ഉദ്ദേശിക്കുന്നു. ഇന്ത്യയ്ക്ക് മോഡലാകത്തക്കവിധത്തിലുള്ള പ്രവർത്തനമാണ് 'കൗശൽ കേന്ദ്ര' വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യത്തെ കേന്ദ്രം കൊല്ലത്ത് ഉദ്ഘാടനം ചെയ്തു. നാല് ജില്ലകളിൽ ആരംഭിക്കുന്നു. കോഴിക്കോട്, തിരുവനന്തപുരം, പാലക്കാട്, തൃത്താല, അഴീക്കോട് എന്നിവിടങ്ങളിൽ കേരള അക്കാഡമി ഓഫ് സ്കിൽസ് എക്സലൻസ് എന്ന സ്ഥാപനം ആരംഭിക്കാൻ തീരുമാനിച്ചു. കർഷകത്തൊഴിലാളി മിനിമം വേജസ് രൂപീകരണം അഡ്വൈസറി

ബോർഡിന്റെ പരിധിയിലാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി 1500 പേരെ താമസിപ്പിക്കാവുന്ന ലേബർ അക്കൊമഡേഷൻ പാലക്കാട് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഐ.റ്റി.ഐ. വിദ്യാഭ്യാസത്തിൽ കേരളം ഇന്ന് ഇന്ത്യയ്ക്കു മാതൃകയാകത്തക്കവിധത്തിൽ മാറിയിട്ടുണ്ട്. കൊണ്ടോട്ടി, വേങ്ങര, കൊടുവള്ളി തുടങ്ങിയ സ്ഥലങ്ങളിൽ പുതുതായി ഐ.റ്റി.ഐ. തുടങ്ങാൻ ഉദ്ദേശിക്കുന്നു. ധനാഭ്യർത്ഥന പാസാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.00-ന് പിരിഞ്ഞു.

**************